**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2527** **13-02-2024 - ൽ മറുപടിയ്ക്ക്**

**വായ്പാ തിരിച്ചടവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര ഗവൺമെന്റ് ഗ്യാരണ്ടിയിൽ നാളിതുവരെയായി എടുത്ത വായ്പകളുമായി ബന്ധപ്പെട്ട് 2022-23 വർഷത്തിൽ മുതലിനത്തിലും പലിശയിനത്തിലും തിരിച്ചടച്ച ആകെത്തുക ഇനം തിരിച്ച് ലഭ്യമാക്കുമോ; | (എ) | അക്കൗണ്ടന്റ് ജനറലിന്റെ താല്കാലിക കണക്കുകൾ പ്രകാരം കേന്ദ്ര സർക്കാരിൽ നിന്നുമുള്ള വായ്പകളും മുൻകൂറുകളും (വിദേശ വായ്പകൾ ഉൾപ്പെടെ) എന്ന ഇനത്തിൽ 2022-23 സാമ്പത്തിക വർഷം 843.49 കോടി രൂപ മുതൽ ഇനത്തിലും 273.47 കോടി രൂപ പലിശ ഇനത്തിലും സർക്കാർ തിരിച്ചടച്ചിട്ടുണ്ട്. |
| (ബി) | കിഫ്ബി മുഖേന നാളിതുവരെ എടുത്ത വായ്പകളുമായി ബന്ധപ്പെട്ട് 2022-23 വർഷത്തിൽ മുതലിനത്തിലും പലിശയിനത്തിലും തിരിച്ചടച്ച ആകെത്തുക ഇനം തിരിച്ച് ലഭ്യമാക്കുമോ; | (ബി) | കിഫ്ബിയുടെ വായ്പാ തിരിച്ചടവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| Lender Category | Amount Paid as Interest & Principal during FY 23 (Rs. In Cr.) |
|---|---|
| Banks | 820 |
| REC | 225 |
| Masala Bond | 209 |
| NABARD | 157 |
| KSFE Pravasi Chitty | 154 |
| HUDCO | 64 |
| KFC | 60 |
| KNRKWB Loan | 29 |
| **Grand Total** | **1,718** |

| | | | |
|---|---|---|---|
| (സി) | കേരള സാമൂഹ്യ സുരക്ഷാ പെൻഷൻ കമ്പനി മുഖേന നാളിതുവരെ എടുത്ത വായ്പകളുമായി ബന്ധപ്പെട്ട് 2022-23 വർഷത്തിൽ മുതലിനത്തിലും പലിശയിനത്തിലും തിരിച്ചടച്ച ആകെത്തുക ഇനം തിരിച്ചു ലഭ്യമാക്കുമോ; | (സി) | കമ്പനി വായ്പാ തിരിച്ചടവിന്റെ ഭാഗമായി 2022-23 വർഷത്തിൽ 2422.87 കോടി രൂപ മുതലിനത്തിലും 833.17 കോടി രൂപ പലിശയിനത്തിലും ചെലവഴിച്ചിട്ടുണ്ട്. |
| (ഡി) | സഹകരണ ബാങ്കുകളുടെ കൺസോർഷ്യം മുഖേന എടുത്ത വായ്പകളുമായി ബന്ധപ്പെട്ട് 2022-23 | (ഡി) | സഹകരണ ബാങ്കുകളുടെ കൺസോർഷ്യം മുഖേന കേരള സാമൂഹ്യ സുരക്ഷാ പെൻഷൻ കമ്പനി എടുത്ത |

| | | | |
|---|---|---|---|
| | വർഷത്തിൽ തിരിച്ചടവ് നടത്തിയിട്ടുണ്ടോ; എങ്കിൽ മുതലിനത്തിലും പലിശയിനത്തിലും തിരിച്ചടച്ച ആകെത്തുക ഇനം തിരിച്ച് ലഭ്യമാക്കുമോ? | | വായ്പകളുമായി ബന്ധപ്പെട്ട് 2022-23 വർഷത്തിൽ മുതലിനത്തിൽ 172.87 കോടി രൂപയും പലിശയിനത്തിൽ 287.13 കോടി രൂപയും കമ്പനി തിരിച്ചടവ് നടത്തിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. പെൻഷൻ വിതരണം ചെയ്ത വകയിൽ മുതലിനത്തിൽ 743.10 കോടി രൂപയും പലിശയിനത്തിൽ 38.71 കോടി രൂപയും സഹകരണ ബാങ്കുകളുടെ കൺസോർഷ്യത്തിന് തിരികെ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ